E-mail

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ശ്രീ.മുഹമ്മദ് റാഫി സി കെ - ബാർട്ടൺ ഹിൽ, സർക്കാർ എഞ്ചിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയിലെ നിയമനം - സർവീസിൽ പ്രവേശിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/46813/23/ഡി.ടി.ഇ                    തിരുവനന്തപുരം , തീയതി: 19.11.2023

---

വായന:- 1.26.10.2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് .
2.04.11.2023 ലെ ശ്രീ. മുഹമ്മദ് റാഫി സി കെ യുടെ അപേക്ഷ.

**ഉത്തരവ്**

മേൽ വായന (1) ലെ നിയമന ഉത്തരവ് പ്രകാരം, ശ്രീ.മുഹമ്മദ് റാഫി സി കെ, C K ഹൌസ്, അമ്പിലാട്, കണ്ണൂർ പി ഒ, കൊട്ടിയം മലബാർ-670643 നു ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയിൽ ബാർട്ടൺ ഹിൽ, സർക്കാർ എഞ്ചിനീയറിങ് കോളേജിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമന ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത നിയമന ഉത്തരവിൽ 20.11.2023 നു മുൻപായി സർവീസിൽ പ്രവേശിക്കണമെന്നും നിർദേശം നൽകിയിരുന്നു. എന്നാൽ ടിയാൾ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നതിനാൽ അവിടെ നിന്നും വിടുതൽ നടപടികൾ പൂർത്തീകരിക്കുന്നതിന് സമയം ആവശ്യമാണെന്നും അതിനാൽ സർവീസിൽ പ്രവേശിക്കുന്നതിന് സമയ പരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.മുഹമ്മദ് റാഫി സി കെ, C K ഹൌസ്, അമ്പിലാട്, കണ്ണൂർ പി ഒ, കൊട്ടിയം മലബാർ-670643 യുടെ അപേക്ഷ പരിഗണിച്ച് നിയമന ഉത്തരവ് തീയതിയായ 26.10.2023 **മുതൽ 09/12/2023** വരെ (45ദിവസം) ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നല്കി ഉത്തരവാകുന്നു. വായന (1) പ്രകാരമുള്ള നിയമന ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചു കൊണ്ട്, ടിയാൻ 10.12.2023 നു മുൻപായി കൃത്യനിർവ്വഹണത്തിന് ബാർട്ടൺ ഹിൽ, സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ശ്രീ മുഹമ്മദ് റാഫി സി കെ, C K ഹൌസ്, അമ്പിലാട്, കണ്ണൂർ പി ഒ, കൊട്ടിയം മലബാർ-670643
2. പ്രിൻസിപ്പാൾ ,സർക്കാർ എഞ്ചിനീയറിങ് കോളേജ്, ബാർട്ടൺ ഹിൽ, തിരുവനന്തപുരം
3. ഓഫീസ് കോപ്പി
4. കരുതൽ ഫയൽ

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 19.11.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File EC1/46813/23/DTE Approved by Director (in-charge) on 19-Nov-2023 02:42 PM - Page 1